അല്പകാലത്തിനകം നേടിയ പ്രസ്താവാർഹങ്ങളായ നേട്ടങ്ങൾ നവസ്വതന്ത്രരാഷ്ട്രങ്ങൾ കാണാതിരിക്കുന്നില്ല. കമ്യൂണിസ്റ്റ്‌രാജ്യങ്ങളുടെ നാസ്തിക ദർശനത്തെ സ്വീകരിക്കാതെതന്നെ അവിടത്തെ ഭരണസമ്പ്രദായം സ്വീകരിക്കാൻ നവസ്വതന്ത്രരാഷ്ട്രങ്ങൾക്കു സ്വാഭാവികമായും പ്രേരണയുണ്ടാവുന്നു.

പാശ്ചാത്യ ജനാധിപത്യസമ്പ്രദായത്തെ പാക്കിസ്ഥാൻ തള്ളിക്കളയുന്നതിനു ധാരാളം ന്യായീകരണങ്ങളുണ്ട്. പക്ഷേ, എന്താണ് ഇസ്ലാമിക ജനാധിപത്യം? ഇസ്ലാമിക സമൂഹത്തിന്റെ ലക്ഷ്യം അഖണ്ഡതയും (സോളിഡാരിററി) സാഹോദര്യവും ആകുന്നു. ഈ ലക്ഷ്യം പാർട്ടി പൊളിററിക്സിലൂടെ നേടാൻ സാദ്ധ്യമല്ല. ഏകകക്ഷിഭരണത്തിലൂടെ ഇതു നേടാൻ കഴിഞ്ഞേക്കും. മുസ്ലീംലീഗിൽ തുടരാൻ രാഷ്ട്രത്തെ ഉപദേശിച്ച മുഹമ്മദാലി ജിന്ന അഭിലഷിച്ചതു്, പാക്കിസ്ഥാനിൽ ഏകകക്ഷിഭരണം പുലർന്നുകാണാനാണ് എന്നതു വ്യക്തമാണെന്ന് സുലേരി പറയുന്നു.

ഏകകക്ഷിഭരണത്തിലൂടെയെങ്കിൽ, ഈശ്വരഭയവും ദേശാഭിമാനവുമുള്ളവരെ കക്ഷി അടിസ്ഥാനത്തിലല്ലാതെ തെരഞ്ഞെടുക്കുന്നതിലൂടെയും അഖണ്ഡതയും സാഹോദര്യവുമെന്ന ഇസ്ലാമിക സാമൂഹിക ലക്ഷ്യം നേടാം. ഇങ്ങനെ തെരഞ്ഞെടുക്കുന്നവർ ഒരു 'ഇലക്ടോറൽ കോളേജ്' (വോട്ടർമാരുടെ സംഘടന) ആയി പ്രവർത്തിക്കണം. അതായതു്, ഇവർ ചേർന്ന് ഒരു പരമോന്നത ഭരണാധികാരിയെ (രാഷ്ട്രത്തലവനെ) തെരഞ്ഞെടുക്കണം.

'ഇസ്ലാമിലും വ്യക്തികളുടെ സദാചാരത്തിലും ഊന്നുമ്പോൾ നാം പാക്കിസ്ഥാന്റെ അസ്തിവാരത്തെ ബലപ്പെടുത്തുകയാവും ചെയ്യുക. ഭൗതികലക്ഷ്യങ്ങളുടെ പേരിൽ പാർട്ടി അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പുകൾ, പാക്കിസ്ഥാൻ ഇന്ത്യയിൽനിന്നു പിരിഞ്ഞുപോവുന്നതിന്റെ ആവശ്യത്തെത്തന്നെ അവ്യക്തമാക്കിത്തീർക്കും.' ഭൂട്ടോവിന്റെ സോഷ്യലിസ്റ്റ്—മതനിരപേക്ഷത, ഇന്ത്യയുമായി പാക്കിസ്ഥാനെ വീണ്ടും സംയോജിപ്പിക്കുന്നതിനു വഴിയൊരുക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു എന്ന് സുലേരി തന്റെ ലേഖനം ഉപസംഹരിച്ചു.

പാക്കിസ്ഥാനിൽ ഉരുത്തിരിഞ്ഞുവരുന്ന 'ഇസ്ലാമിക ജനാധിപത്യ'ത്തിന്റെ ഏതാണ്ടൊരു രൂപം ഇതിൽനിന്നു ലഭിക്കുന്നുണ്ട്. അയൽരാജ്യത്തെ ഈ സംഭവവികാസങ്ങൾ നാം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നതു നന്ന്.

(26 മാർച്ച്, 1984)

## 16. ഇസ്‌ലാമിക് ഫണ്ടമെൻറലിസം

'ഇസ്ലാമിക് ഫണ്ടമെൻറലിസം' എന്ന ശൈലി പ്രചാരം നേടിയതു് 1979—ൽ ഇറാനിൽ ഷാ മഹമ്മദ് റേസാപഹ്‌ലവിയുടെ ഗവണ്മെൻറിനെ അട്ടിമറിച്ച് ഇമാം ആയത്തൊള്ള രൂഹൊള്ള ഖൊമൈനി അധികാരത്തിൽ വന്നതുമുതൽക്കാണ്.

ലോകജനസംഖ്യയിൽ അഞ്ചിലൊന്നോളം ഇസ്ലാംമതത്തിൽ വിശ്വസിക്കുന്നു. മിക്ക രാജ്യങ്ങളിലും ഏറിയോ, കുറഞ്ഞോ മുസ്ലിങ്ങളെ കാണാം. ദക്ഷിണയൂറോപ്പുമുതൽ ശാന്തസമുദ്രത്തിലെ ദ്വീപുകൾവരെ, ഏറെക്കുറെ ഇസ്‌ലാമിക മേഖല (ഇസ്‌ലാമിക് ക്രെസൻറ്) ആയി

കാണപ്പെട്ടവരുന്നു. മദ്ധ്യപൗരസ്ത്യദേശങ്ങളിലും വടക്കേ ആഫ്രിക്കയിലും ഏഷ്യയിലുമുള്ള പല രാജ്യങ്ങളിലും ഭൂരിപക്ഷം ജനങ്ങളും ഇസ്ലാമിൽ വിശ്വസിക്കുന്നു. മുസ്ലിങ്ങൾ അല്ലാത്തവർ പൊതുവെ കരുതുന്നതുപോലെ ഇസ്ലാം ഏകരൂപമല്ല. പ്രാദേശികങ്ങളായ പല ആചാരങ്ങളും ഇസ്ലാമിക ആചാരങ്ങളുമായി കൂടിക്കുഴഞ്ഞുകിടക്കുന്നു. ഇതിൻ ഫലമായി പല ഉപവിഭാഗങ്ങളും (സെക്റ്റുകളും) ഇസ്ലാമിനകത്തു് രൂപംകൊണ്ടിട്ടുണ്ടു്. സുന്നി, ഷിയാ എന്ന രണ്ടു വിഭാഗങ്ങൾക്കാണു് ഇവയ്ക്കിടയിൽ പ്രാധാന്യം. ലോകത്തിലാകെ രണ്ടു കോടിയോളം ഷിയകൾ ഉണ്ടു്. ഷിയകളുടെ അനിഷേധ്യനേതാവത്രേ ആയത്തൊള്ള ഖൊമൈനി.

താരതമ്യേന ലളിതവും വ്യാഖ്യാനഭേദത്തിനു് അവകാശമില്ലാത്തതുമാണു്, ദൈവം തന്റെ ദൂതനിലൂടെ അവസാനത്തെ പ്രവാചകനായ മുഹമ്മദ്നബിക്കു നൽകിയതായി വിശ്വസിക്കപ്പെടുന്ന, ഇസ്ലാമിന്റെ ആധാരഗ്രന്ഥമായ, ഖുർ ആൻ, മുഹമ്മദ്നബിയുടെ മരണത്തിനു ശേഷം, അദ്ദേഹത്തിന്റെ ഉത്തരാധികാരിമാരിൽ (ഖലീഫമാരിൽ) ഒരാളായ ഉഥ്മാൻ ഖുർ ആന്റെ ഔദ്യോഗികപ്പതിപ്പു തയ്യാറാക്കുകയും, അതിന്റെ ഓരോ പ്രതി അന്നേക്കു വിശാലമായിക്കഴിഞ്ഞിരുന്ന മുസ്ലിം സംസ്ഥാനങ്ങളുടെ തലസ്ഥാനനഗരങ്ങളിലെ മുഖ്യ പള്ളികൾക്കു് അയച്ചുകൊടുക്കുകയുംചെയ്തു. ഇതു നിമിത്തം, മററു മതഗ്രന്ഥങ്ങൾക്കെന്നപോലെ ഖുർ ആനു് പാഠാന്തരങ്ങളില്ല.

എന്നിട്ടും, പ്രവാചകൻ മരിച്ച് അധികം വർഷം കഴിയുംമുമ്പുതന്നെ ഷിയാ—സുന്നി വിഭജനം ഇസ്ലാമിനുള്ളിൽ രൂപമെടുത്തു. മുഹമ്മദ് നബിക്കുശേഷം മുസ്ലിങ്ങളുടെ ആദ്ധ്യാത്മികവും ഭരണപരവുമായ നേതൃത്വത്തിന്റെ ചിന്തുടർച്ച, മുഹമ്മദ് നബിയുടെ ഗോത്രക്കാർ തെരഞ്ഞെടുത്ത ഖലീഫമാരിലൂടെയാണെന്നു് സുന്നികൾ വിശ്വസിക്കുന്നു. അതേസമയം, ഖലീഫമാർ നേതൃത്വം അന്യായമായി കൈയടക്കിയതാണെന്നും, യഥാർത്ഥത്തിൽ നേതൃത്വം തുടരുന്നതു് നബിയുടെ ജാമാതാവായ അലി അദ്ദേഹത്തിന്റെ പുത്രന്മാരായ ഹസൻ, ഹുസൈൻ എന്നിവരിലൂടെയാണെന്നും സിയകൾ വിശ്വസിച്ചുപോരുന്നു. അലിയും ഹസനും ഹുസൈനും വധിക്കപ്പെട്ടു. ഷിയകൾ അവരെ രക്തസാക്ഷികളുടെ പദവി നൽകി ആദരിക്കുകയുംചെയ്തു. ഈ മൂന്നു പേരുടെയും പിൻമുറക്കാരായി ഒമ്പതു് ഇമാമുകൾ ഉണ്ടായിരുന്നുവെന്നാണു് ഷിയകൾ കരുതുന്നതു്. ഇവരിൽ ഒമ്പതാമൻ (അലി, ഹസൻ, ഹുസൈൻ എന്നിവരെക്കൂടി പരിഗണിക്കുമ്പോൾ പന്ത്രണ്ടാമത്തെ ഇമാം) ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെന്നും, ഒളിവിൽ ഇരിക്കുന്ന ഈ ഇമാം അവസാന വിധിദിവസം (കയാമനാളിൽ) 'മഹ്ദി'യായി പ്രത്യക്ഷപ്പെടുമെന്നും ഷിയകൾ വിശ്വസിക്കുന്നു. സുന്നികൾക്കില്ലാത്ത ഈ വിശ്വാസം പുലർത്തുന്നതിനു പുറമേ, സുന്നികളുടെ അലിഖിത(വാചിക)പാരമ്പര്യങ്ങളിൽ പലതും ഷിയകൾ അംഗീകരിക്കുന്നുമില്ല.

ഷിയകളിൽത്തന്നെ ഏററവും മതതീക്ഷ്ണതയുള്ളവരാണു് ഇപ്പോഴത്തെ 'ഇസ്ലാമിക് ഫണ്ടമെൻറലിസ'ത്തിന്റെ നേതാക്കൾ. ഇസ്ലാമിൽ കാലക്രമേണ കലരാനിടവന്ന അന്യമതവിശ്വാസങ്ങളും ആചാരങ്ങളും നീക്കിക്കളഞ്ഞു്, പ്രവാചകന്റെ കാലത്തുണ്ടായിരുന്ന വിശുദ്ധവും ലളിതവും ഉശിരുള്ളതുമായ വിശ്വാസാചാരങ്ങൾ പുനഃസ്ഥാപിക്കുകയാണു് ഇവരുടെ ലക്ഷ്യം. ഇസ്ലാം എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള ഒരു പൂർണ ജീവിതപദ്ധതിയാണു്. ഖുർ ആൻ ഒരു മതഗ്രന്ഥം മാത്രമല്ല, നിയമഗ്രന്ഥവും ആചാരഗ്രന്ഥവുംകൂടിയാകുന്നു. ഖുർ ആന്റെയും ഇസ്ലാമിക മൗലികപാരമ്പര്യത്തിൽനിന്നുത്ഭവി

ച്ച ശരീഅത്ത് നിയമങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം വ്യക്തികളുടെ ആചാരാനുഷ്ഠാനങ്ങളും ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളും. ഇസ്ലാമിക സദാചാരത്തെ നിഹനിക്കുന്ന വൈദേശികാചാരങ്ങരം—ഇവയിൽ പാശ്ചാത്യപരിഷ്ക്കാരവും പെടും—പാടെ ഉപേക്ഷിക്കപ്പെടണം. ഇസ്ലാമിക് ഫണ്ടമെൻറലിസത്തിലെ കാതലായ സിദ്ധാന്തം ഇവയാണ്. 'ലോകത്തെ മുഴുവൻ കീഴടക്കുവാനുള്ള കഴിവു നേടുന്നതിനായി മുസ്ലിങ്ങരം ഉണർന്നെഴുന്നേൽക്കുകയും മരണഭയത്തെ കീഴടക്കുകയും വേണം' എന്നത്രേ ആയത്തൊള്ള ഖൊമൈനിയുടെ പ്രസിദ്ധമായൊരു സന്ദേശം.

കലർപ്പുകരം നീക്കിക്കളയാനുള്ള ശ്രമത്തിൽ ഫണ്ടമെൻറലിസ്റ്റുകരംക്ക് (വിശുദ്ധിവാദികരംക്ക്) ആദ്യമായി നേരിടേണ്ടിവരുന്നതു് ഇസ്ലാമിലെതന്നെ അന്യവിഭാഗക്കാരെയാണ്. ഇസ്ലാമിലെ ഒരു ഉപവിഭാഗമായ ബഹായിമതം, അതിൻെറ ജന്മഭൂമിയായ ഇറാനിൽ നിരോധിക്കപ്പെട്ടിരിക്കുന്നു. ഇറാക്കും ഇറാനും തമ്മിൽ 1980 സെപ്റ്റംബർ മുതൽ നടന്നുവരുന്ന യുദ്ധത്തിൻെറ പ്രാരംഭകാരണം എന്തായാലും, അതു പെരുകിവരുന്ന രൂക്ഷതയോടെ ഇപ്പോഴും തുടരുന്നതിൻെറ കാരണം സുന്നിയും പരിഷ്കരണവാദിയുമായ ഇറാക്കിലെ സദ്ദാംഹുസൈനെ സ്ഥാനഭ്രഷ്ടനാക്കണമെന്ന ഇമാം ഖൊമൈനിയുടെ ദൃഢനിശ്ചയമാകുന്നു.

ഖൊമൈനി നേരിട്ടു പട്ടാളങ്ങളെ ഇറക്കി പൊരുതുന്നതു് ഇറാക്കിനോടു മാത്രമാണ്. പക്ഷേ, മധ്യപൗരസ്ത്യപ്രദേശത്തുള്ള മിക്ക മുസ്ലിം സ്റ്റേററുകളും—ഇവയെല്ലാം സുന്നി ഭൂരിപക്ഷമുള്ളവയാണ്—ഖൊമൈനിയെ ഭയപ്പെട്ടാണു കഴിഞ്ഞുകൂടുന്നതു്. എണ്ണകൊണ്ടു സമ്പത്തു നേടിയ അറേബ്യൻ ഭൂഖണ്ഡത്തിലെ ഷെയ്ഖുമാർക്കെതിരെ, ഖൊമൈനിയോടു കൂറു പ്രഖ്യാപിക്കുന്ന ഇസ്ലാമിക് ഗ്രൂപ്പുകരം സംഘടിപ്പിച്ചിട്ടുള്ള അട്ടിമറിശ്രമങ്ങരം കുറച്ചൊന്നുമല്ല. ടൃുണീഷ്യയിൽ ഭക്ഷ്യദൗർലഭ്യത്തിൻെറ പേരിൽ ഈയിടെയുണ്ടായ കലാപങ്ങരം കത്തിപ്പൊന്തിച്ചതു് ഇസ്ലാമിക് ഫണ്ടമെൻറലിസ്റ്റുകരം ആണത്രേ. ഇന്ത്യയും ഇൻഡോനേഷ്യയും അടക്കം ഏഷ്യയിലെ എല്ലാ ജനാധിപത്യരാഷ്ട്രങ്ങളിലും ഇസ്ലാമിക് തീവ്രവാദികരം പ്രചാരവേല നടത്തുകയും, ഗവണ്മെൻറിനെ അട്ടിമറിക്കാൻ ശ്രമിക്കുകയും, വിഘടനവാദങ്ങരം കത്തിപ്പൊക്കുകയും, വിദേശ—എംബസികരംക്കു നേരെ ആക്രമണങ്ങരം നടത്തുകയുംചെയ്തിട്ടുണ്ട്. ആഫ്രിക്കയിലെ കലങ്ങിമറിഞ്ഞ നൈജീരിയയിലെന്നപോലെ യൂറോപ്പിലെ പ്രശാന്തമായ യൂഗോസ്ലാവ്യയിലും ഇസ്ലാമിക—ഉഗ്രവാദത്തിൻെറ സന്ദേശം ചെന്നെത്തിയിട്ടുണ്ട്.

ഇസ്ലാമിക—ഉഗ്രവാദം ഭീകരപ്രസ്ഥാനത്തിൻെറ രൂപം കൈക്കൊണ്ടിട്ടുള്ളതിൻെറ കാരണം, ഇസ്ലാമിക രാഷ്ട്രങ്ങരംക്കിടയിൽ പരന്നിട്ടുള്ള നൈരാശ്യമാണെന്നു പറയപ്പെടുന്നു. നാലു വർഷം മുമ്പ്, 1980—ൽ, ഹിജറ കാലഗണനപ്രകാരമുള്ള പതിനാറാം ശതാബ്ദം ആരംഭിച്ചപ്പോരം, ഇതു് 'ഇസ്ലാമിൻെറ ശതാബ്ദ'മായിരിക്കുമെന്ന വിശ്വാസം പരക്കെയുണ്ടായിരുന്നു. 1970—കളിലുണ്ടായ എണ്ണവില വർദ്ധനയും അതിൻഫലമായി ഇസ്ലാമികരാജ്യങ്ങളിൽ സാർവത്രികമായുണ്ടായ അഭൂതപൂർവമായ സമൃദ്ധിയും ഈ വിശ്വാസത്തെ ദൃഢീകരിക്കുന്നതിനു് ഉതകി. അറബ്ദേശീയ വാദത്തോടൊപ്പം ഇസ്ലാം ലോകത്തിലെ ഏററവും വലിയ ശക്തിയായി മാറുകയാണെന്നു പലരും, പ്രത്യേകിച്ച് മുസ്ലിങ്ങരം കരുതി.

പക്ഷേ, എണ്ണപ്പണത്തിൻെറ പിന്നാലെ നുഴഞ്ഞെത്തിയ യൂറോപ്യൻ നാഗരികത (ആധുനികീകരണം എന്നു വിളിക്കപ്പെടുന്നതു് ഈ

പാശ്ചാത്യവല്ക്കരണംതന്നെ) ഇസ്ലാമിക–അടിസ്ഥാനവിശ്വാസങ്ങൾക്ക് അനുകൂലമായിരുന്നില്ല. മാത്രമല്ല, എണ്ണപ്പണത്തിൻെറ പ്രളയത്തിലും, നൈജീരിയയും ഇറാനുംപോലെ ജനപ്പെരുപ്പമുള്ള മുസ്ലിം രാജ്യങ്ങളിൽ ബഹുജനങ്ങൾ ദാരിദ്ര്യത്തിൽത്തന്നെ ആണ്ടുകിടക്കുന്നു; ചുരുക്കം ചില നേതാക്കൾ അപരിമിതമായ സമ്പത്തിന് ഉടമകളാവുകയുംചെയ്തു. ഈ വൈരുദ്ധ്യം ഇസ്ലാമികരാജ്യങ്ങളിൽ ഉഗ്രവാദത്തെ വളർത്തി. ഉഗ്രവാദികളിൽ പലരും നേതൃത്വത്തിനു് ഉററുനോക്കിയതു് ഇമാം ഖൊമൈനിയെപ്പോലുള്ള മതനേതാക്കളെയാണു്. ചുരുക്കത്തിൽ, സുഖഭോഗപരായണമായ പാശ്ചാത്യസംസ്കൃതിക്കെതിരായ കരുത്തുററ പ്രതിഷേധം ഇസ്ലാമിക ഫണ്ടമെൻറലിസത്തിൻെറ ഒരു മുഖ്യഘടകമാകുന്നു.

ആവേശത്തിനു് ഖൊമൈനിയെ ഉററുനോക്കുന്നുണ്ടെങ്കിലും ഇസ്ലാമിക ഫണ്ടമെൻറലിസം ഒരൊററ കേന്ദ്രത്തിൻകീഴിലുള്ള ഏകഘടനമായ ഒരു പ്രസ്ഥാനമല്ല. പല പ്രാദേശികപ്രസ്ഥാനങ്ങളുടെ ഒരു സമഷ്ടിയാണു് അതു്. അതുകൊണ്ടുതന്നെ, അതിൻെറ പ്രവർത്തനം എല്ലാ പ്രദേശങ്ങളിലും ഏകരൂപമല്ല. ഫണ്ടമെൻറലിസ്റ്റുകൾ അഹിംസയിൽ വിശ്വസിക്കുന്നില്ല. അതിനാൽ മിക്കവാറും എല്ലാ സ്ഥലങ്ങളിലും അവരുടെ പ്രവർത്തനം ഹിംസാത്മകമത്രേ. സിറിയ, ഇറാക്ക് മുതലായ ചില ഇസ്ലാമികരാജ്യങ്ങൾ അവിടത്തെ ഫണ്ടമെൻറലിസ്റ്റുകളെ ബലം പ്രയോഗിച്ച് അടിച്ചമർത്തുന്നതിൽ ഇപ്പോൾ വിജയിച്ചിട്ടുണ്ടു്. അതേസമയം, പാക്കിസ്ഥാനും ബംഗ്ളാദേശുംപോലുള്ള ചില രാജ്യങ്ങളിലെ ഏകാധിപതികൾ ശരീഅത്ത് നിയമങ്ങൾ നടപ്പിൽ വരുത്തുന്ന മതക്കോടതികൾ സ്ഥാപിച്ചും, ചമ്മട്ടിയടി, കൈയുംകാലും വെട്ടിക്കളയൽ മുതലായ ശിക്ഷകൾ പുനരുജ്ജീവിപ്പിച്ചും, ഫണ്ടമെൻറലിസ്റ്റുകളെ പ്രീണിപ്പിക്കുക എന്ന നയമാണു കൈക്കൊണ്ടിട്ടുള്ളതു്. സുഡാൻപോലെയുള്ള ചില രാജ്യങ്ങളിൽ ശരീഅത്ത് നിയമപ്രകാരമുള്ള ശിക്ഷകൾ നടപ്പിൽ വരുത്താനുള്ള ശ്രമം ന്യൂനപക്ഷങ്ങളുടെ കടുത്ത വിമർശനത്തിനു് ഇടവരുത്തിയിട്ടുമുണ്ടു്.

കണ്ടിടത്തോളം, ഇസ്ലാമിക് ഫണ്ടമെൻറലിസത്തിൻെറ ഫലം നിർമ്മാണത്തിലേറെ വിധ്വംസനമാണു്. ഇമാം ഖൊമൈനിയുടെ നേതൃത്വം ഇറാനു് സമാധാനമോ, സമൃദ്ധിയോ നൽകിയിട്ടില്ല. കാലം ചെല്ലുംതോറും ഖൊമൈനിയുടെ ഭരണം കൂടുതൽ ക്രൂരമായിവരികയുമാണു്. തനിക്കെതിരായവരെ കൊന്നൊടുക്കുവാനും, സ്കൂൾകുട്ടികളെ തോക്കും കൊടുത്തു് യുദ്ധരംഗത്തേക്കയയ്ക്കുവാനും ഖൊമൈനി മടിച്ചില്ല. മററു രാജ്യങ്ങളിലെ മത–ഭീകരസംഘങ്ങളെ ഖൊമൈനി പരസ്യമായിത്തന്നെ സഹായിക്കുന്നുമുണ്ടു്. ഈ നടപടികൾക്കു മററു് ഇസ്ലാമികരാജ്യങ്ങളിൽ ഇന്നോളം ഉണ്ടായിട്ടുള്ള പ്രതികരണം ലോകവ്യാപകമായ ഒരു ഇസ്ലാമിക നവോത്ഥാനത്തെ സഹായിക്കുന്ന തരത്തിൽ ഉള്ളതല്ല. ചുരുക്കത്തിൽ, ഇസ്ലാമിക ഫണ്ടമെൻറലിസം ഇസ്ലാമികരാജ്യങ്ങളിലും ജനവിഭാഗങ്ങളിലും ഇന്നു പരക്കെ കാണുന്ന അസ്വാസ്ഥ്യത്തെയും നൈരാശ്യത്തെയും വളർത്താനേ ഉപകരിച്ചിട്ടുള്ളു.

മതത്തിൻെറ കൊടിക്കീഴിൽ ലോകത്തിലെ എല്ലാ മുസ്ലിങ്ങളും ഒന്നിച്ചുചേർന്നു് ഒരൊററ ശക്തിയായിത്തീരുക എന്ന ഫണ്ടമെൻറലിസ്ററു് സ്വപ്നത്തിനു് എതിരാണു പല ഭൗതികയാഥാർത്ഥ്യങ്ങളും. ഒന്നാമതായി ദേശീയബോധത്തിൻെറ കാര്യമെടുക്കുക. ഒരൊററ രാജ്യമാണെന്നു പ്രഖ്യാപിക്കപ്പെട്ട ഈജിപ്റ്റും ലിബിയയും അധികം താമസിയാതെ എന്തുകൊണ്ടു വീണ്ടും രണ്ടായി? എന്തുകൊണ്ടു പാക്കിസ്ഥാനിൽനിന്നു് ബംഗ്ളാദേശ് പിരിഞ്ഞുപോയി? ഷിയകൾക്കു ഭൂരിപക്ഷമുള്ള ഇറാക്ക് എന്തുകൊണ്ടു് ഷിയാനേതാവായ ഇമാം ഖൊമൈനിയോടു

പൊരുതുന്നു? 'സഹോദരാ, അള്ളാവിന്റെ നാമത്തിൽ കീഴടങ്ങുക! നിങ്ങളെ വിമോചിപ്പിക്കാനാണ ഞങ്ങരം വരുന്നതു്'' എന്ന റേഡിയോവിലൂടെ വിളിച്ചുപറഞ്ഞുകൊണ്ടു് അതിർത്തി കടന്നുവരുന്ന ഖൊമൈനിയുടെ സൈനികരെ, ഏഴാം നൂററാണ്ടുമുതൽ തങ്ങളുടെ ശത്രുക്കളായിരുന്ന ഇറാനി—മതഭ്രാന്തരായേ ഇറാക്കിലെ ഷിയകരം കാണുന്നുള്ളു. 'ഞങ്ങളുടെ നാട്ടിലെ പുരുഷന്മാർ എല്ലാം കൊല്ലപ്പെട്ടു വിധവകരംമാത്രം അവശേഷിച്ചാലും, പേഴ്സ്യക്കാർക്കു ഞങ്ങരം ഒരിക്കലും കീഴടങ്ങുകയില്ല' എന്നു് ഇറാക്കിലെ ഒരു സൈനികമേധാവി മേജർ അബ്ദുൽ അൽ റഷീദ് പ്രഖ്യാപിച്ചതു് ഈയിടെയാണു്.

ലെബനോണിലെ ജനസംഖ്യയിൽ മുപ്പതു ശതമാനത്തോളം ഷിയാ മുസ്ലിങ്ങളാണു്. ദരിദ്രരും അവഗണിതരുമായ ഇവക്കു് ലെബനോണിന്റെ ഭരണസംവിധാനത്തിൽ ന്യായമായ ഒരു പങ്കു നേടിക്കൊടുക്കുന്നതിനു ശ്രമിക്കുന്ന സൈനികസംഘടനയാണു് 'അമൽ'. 'അമലി'ന്റെ ഒരു വിഭാഗമായ 'ഇസ്ലാമിക് അമൽ' ഖൊമൈനിയെ പിൻതുടരുന്ന ഒരു ഫണ്ടമെൻറലിസ്റ്റ് സൈനികവിഭാഗമാകുന്നു. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ ബെയ്റൂട്ട് നഗരത്തിൽ യുദ്ധം നടന്നുകൊണ്ടിരിക്കേ ഇവർ തോക്കുമേന്തിച്ചെന്നു മദ്യക്കടകരം തകർക്കുകയും, സ്ത്രീകളോടു പർദ ധരിക്കാൻ ആവശ്യപ്പെടുകയുംചെയ്തു. പക്ഷേ, താമസിയാതെ 'അമൽ' സൈനികർ ഈ സ്ഥലം കീഴടക്കിയതോടെ മദ്യഷാപ്പുകരം വീണ്ടും പ്രവർത്തനം തുടങ്ങി. എങ്കിലും ബെയ്റൂട്ടിന്റെ പല ഭാഗങ്ങളിലും ഫണ്ടമെൻറലിസ്ററുകരംക്കാണു് ഇപ്പോരം മേൽക്കോയ്മ. അവിടങ്ങളിൽ സ്ത്രീകളെ പർദ ധരിച്ചേ കാണൂ. ഖൊമൈനിയുടെ വലിയ ചിത്രങ്ങരം ചുവരുകളിൽ പരക്കെ ഒട്ടിച്ചിരിക്കും. യുവാക്കളിലധികവും താടി വളർത്തുന്നവരുമാണു്. ലെബനോണിലെ ബെകാ താഴ്വരയിൽ ഒരു ചെറിയ ഇസ്ലാമിക് ഫണ്ടമെൻറലിസ്റ്റ് റിപ്പബ്ലിക് ഇതിനകം രൂപംകൊണ്ടുകഴിഞ്ഞിട്ടുണ്ടത്രേ. സ്വന്തം നാട്ടിൽ ഫണ്ടമെൻറലിസത്തെ അടിച്ചമർത്തുന്നതിൽ ഒരു ദാക്ഷിണ്യവും കാണിക്കാത്ത സിറിയയിലെ പ്രസിഡണ്ടു് അസദ് ലെബനോണിൽ ഫണ്ടമെൻറലിസ്ററുകരംക്കു്, എല്ലാ സഹായവും നൽകിവരുന്നു. ഖൊമൈനിയുമായും അസദ് വലിയ ലോഹ്യത്തിലാണു്. ഖൊമൈനി അസദിനു് എണ്ണ കൊടുക്കുന്നു; പകരം അസദ് സിറിയയിലൂടെയുള്ള ഇറാക്കിന്റെ പ്രധാനപ്പെട്ട പൈപ് ലൈൻ അടച്ചിടുകയും, ലെബനോണിലുള്ള ഇറാനിയൻ ഭടന്മാർക്കു പരിശീലനം നൽകുകയുംചെയ്യുന്നു. ഇറാനിൽനിന്നു് ഇസ്ലാമിക ഫണ്ടമെൻറലിസം സംബന്ധിച്ച പ്രചാരവേല റേഡിയോവിലൂടെയും മൊല്ലമാരിലൂടെയും നിരന്തരം അയൽരാജ്യങ്ങളിലേക്കു് ഒഴുകിക്കൊണ്ടിരിക്കുന്നു. എണ്ണക്കേന്ദ്രമായ ബഹ്റൈൻ ദ്വീപിൽ 1982—ലുണ്ടായ ഒരു വിപ്ളവശ്രമത്തിൽ ഉപയോഗിക്കപ്പെട്ടതു് ഖൊമൈനി കൊടുത്ത തോക്കുകളാണു്. ഈ വിപ്ലവകാരികരം ഇറാനിലെ ഷിറാസ് നഗരത്തിൽ പരിശീലനം നേടിയവരും ആയിരുന്നു. സൗദിഅറേബ്യയിലും കുവൈററിലും നടന്ന ഏതാനും അട്ടിമറിശ്രമങ്ങളുടെ ഉത്തരവാദിത്തവും ഇറാനിയൻ ഫണ്ടമെൻറലിസ്ററുകളിൽ ആരോപിക്കപ്പെട്ടിരിക്കുന്നു.

മതാടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെട്ട പാക്കിസ്ഥാനെ ഇസ്ലാമീകരിക്കുന്നതിനുള്ള ശ്രമങ്ങരം നടന്നുകൊണ്ടിരിക്കുകയാണു്. സ്കൂളുകളിൽ ഇസ്ലാമിക പാഠപുസ്തകങ്ങരം നിർബന്ധിതങ്ങളാക്കിയിരിക്കുന്നു. മതക്കോടതികരം ശരീഅത്ത് നിയമങ്ങളനുസരിച്ചുള്ള ചാട്ടയടിപോലെയുള്ള ശിക്ഷകരം നടപ്പിലാക്കിവരുന്നു. ബാങ്കുകളിൽ പലിശ നൽകുന്നതു നിർത്തൽചെയ്തതു് 'ലാഭനഷ്ടപ്പങ്കാളിത്തം' നില

വിൽ വരുത്തിത്തുടങ്ങിയിരിക്കുന്നു. ഇന്ത്യൻ പൈതൃകം അവസാനിപ്പിച്ച്, പാക്കിസ്ഥാനെ ഒരു മദ്ധ്യപൗരസ്ത്യ രാജ്യമാക്കി മാററുന്ന ശ്രമത്തിലാണ് ഇപ്പോൾ പട്ടാളഭരണാധികാരി സിയാ ഉൾ ഹക്. ഇതിനു് പക്ഷേ, ഗണ്യമായ എതിർപ്പ് പാക്കിസ്ഥാനിലെ സമ്പന്ന വിഭാഗങ്ങളിൽനിന്നും സ്ത്രീകളിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

അയൽരാജ്യമായ അഫ്ഗാനിസ്ഥാനിൽ റഷ്യൻ സഹായത്തോടെ പ്രവർത്തിക്കുന്ന സർക്കാരിനെതിരെ സമരം നടത്തുന്നതു മുഖ്യമായും ഫണ്ടമെൻറലിസ്റ്റുകളാണ്. 'മുജാഹിദീൻ' (മതയുദ്ധപ്പോരാളികൾ) എന്ന പേരിൽ അറിയപ്പെടുന്ന ഇവർക്കിടയിലും പല വിഭാഗങ്ങളുണ്ട്. ഏഴാം നൂററാണ്ടിൽ നിലവിലിരുന്ന ഇസ്ലാമിക ജീവിതസമ്പ്രദായത്തിലേക്കു മടങ്ങിപ്പോവുയാണു തങ്ങളുടെ ലക്ഷ്യമെന്നു് ഇവരിൽച്ചിലർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ത്യയിൽ, പ്രത്യേകിച്ചും കാശ്മീരിൽ, ഫണ്ടമെൻറലിസത്തിനു നിസ്സാരമല്ലാത്ത സ്വാധീനം മുസ്ലിങ്ങളുടെ ഇടയിലുണ്ട്. മലേഷ്യയിൽ ചീനവംശജരായ മലേഷ്യൻ പൗരന്മാരോടുള്ള എതിർപ്പിൻെറ രൂപമാണ് ഇസ്ലാമിക ഫണ്ടമെൻറലിസം കൈക്കൊള്ളുന്നതു്. അവിടെ മുസ്ലിം വിദ്യാത്ഥിനികൾ തല മറക്കാൻ തുടങ്ങിയിരിക്കുന്നു; ഹോട്ടലുകളിൽ മെക്കയിലേക്കു ചൂണ്ടുന്ന അമ്പ് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. മലേഷ്യയിലെ തീവ്രവാദികളെ ഖൊമൈനി സഹായിക്കുന്നതായി അവിടത്തെ പ്രധാനമന്ത്രി മഹാഥിർ മുഹമ്മദ് സംശയിക്കുന്നുണ്ട്.

ഇൻഡോനേഷ്യയിലെ പതിനാറു കോടി ജനങ്ങളിൽ പതിന്നാലര കോടിയും മുസ്ലിങ്ങളാണ്. ഇവരിൽ 'സന്ത്രികൾ' എന്നറിയപ്പെടുന്ന ഒരു വിഭാഗം യഥാസ്ഥിതിക മുസ്ലിങ്ങളാകുന്നു. 'അബംഗന്മാർ' എന്നറിയപ്പെടുന്ന മറെറാരു വിഭാഗം ഇസ്ലാമിനോടൊപ്പം പഴയ ചില ഹിന്ദു—ബൗദ്ധ വിശ്വാസങ്ങളും പുലർത്തുന്നു. ഈ വിഭാഗങ്ങൾ തമ്മിൽ, പ്രകടമായല്ലെങ്കിലും, സംഘർഷം ഇൻഡോനേഷ്യയിൽ നിലവിലുണ്ട്. പക്ഷേ, പ്രസിഡണ്ട് സുഹാർത്തോവിൻെറ ഭരണകൂടം ഇസ്ലാമിക തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നില്ല.

യൂറോപ്പിൽ, കമ്യൂണിസം പുലരുന്ന യൂഗോസ്ലാവ്യയിൽ, മുസ്ലീം ഭൂരിപക്ഷമുള്ള ബോസ്നിയ സംസ്ഥാനത്തെ സ്വതന്ത്രമാക്കി ഇസ്ലാമീകരിക്കുന്നതിനു് ഇറാനിലെ ഉദ്യോഗസ്ഥന്മാരുമായി ഗൂഢാലോചന നടത്തി എന്ന കുററം ആരോപിച്ചു പതിമ്മൂന്നു ബോസ്നിയൻ മുസ്ലിങ്ങളെ ഈയിടെ വിചാരണചെയ്തു ശിക്ഷിക്കുകയുണ്ടായി. ഫ്രാൻസ്, ബ്രിട്ടൻ, പടിഞ്ഞാറേ ജർമനി, ഇററലി എന്നീ രാജ്യങ്ങളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ധാരാളം മുസ്ലിങ്ങൾ കുടിയേറിപ്പാർത്തിട്ടുണ്ട്. ഫണ്ടമെൻറലിസം ഇവർക്കിടയിലും തലയുയർത്തുന്നുണ്ട്. ലണ്ടനിലും ജനീവയിലും ഇപ്പോൾ പലിശ നൽകാത്ത ഇസ്ലാമിക് ബാങ്കുകളുണ്ട്. ധാരാളം മുസ്ലിംപള്ളികൾ ഈ രാജ്യങ്ങളിൽ എല്ലാം ഉണ്ടായിരുന്നു. ഇസ്ലാമിക രീതിയിലുള്ള വിവാഹമോചനത്തിനു് ഈയിടെ ബ്രിട്ടനിലെ പ്രഭുസഭ നിയമസാധുത നൽകിയിട്ടുണ്ട്. ഇറാനിയൻ വിപ്ളവകാരികൾ നടത്തിയതെന്നു കരുതപ്പെടുന്ന പല കൊലപാതകങ്ങൾ അടുത്തകാലത്തു് ഫ്രാൻസിനെ നടുക്കുകയുണ്ടായി. ഏതായാലും യൂറോപ്പിൽ ഇസ്ലാമിനു സ്വാധീനം ഏറിവരികയാണ്.

സ്വാഭാവികമായും ഏതു മതത്തിലെയും ഫണ്ടമെൻറലിസ്ററുകൾ അസംതൃപ്തരായിരിക്കും. ഇസ്ലാമിക ഫണ്ടമെൻറലിസം നിരാശയുടേ

തായ ഒരു കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ നീങ്ങുന്നത്. അതുകൊണ്ടുതന്നെ അത് അക്രമാസക്തമായിരിക്കുന്നു. ഇക്കാരണത്താൽ അന്താരാഷ്ട്രീയരംഗത്ത് അതു കൂടുതൽ ആപത്കരവുമാണ്.

(16 ഏപ്രിൽ, 1984)

# 17. അയൽപക്കത്തെ അത്യാഹിതം

1983 ജൂലൈ അവസാനവാരത്തിലും ഓഗസ്റ്റ് ആദ്യവാരത്തിലുമായി ശ്രീലങ്കയിൽ (സിലോണിൽ) നടന്ന കലാപങ്ങളും നരഹത്യകളും ഇന്ത്യയിൽ വ്യാപകമായ അസ്വാസ്ഥ്യം ഉളവാക്കിയിട്ടുണ്ട്.

ശ്രീലങ്കയുടെ വടക്കു കിഴക്കേ മൂലയിലുള്ള യാഴ്പ്പാണം (ജാഫ്ന) പ്രദേശത്തിലെ ബഹുഭൂരിപക്ഷം നിവാസികളുടെയും മാതൃഭാഷ തമിഴ് ആണ്. ജൂലൈ 23-ാം തീയതി അർദ്ധരാത്രിക്ക് അല്പം മുമ്പ് ഈ പ്രദേശത്തുകൂടെ ഒരു ജീപ്പിലും ട്രക്കിലുമായി സഞ്ചരിച്ചിരുന്ന പതിമ്മൂന്നു പട്ടാളക്കാർ കൊല്ലപ്പെട്ടു. പട്ടാള ഉടുപ്പിട്ട ഏതാനും ചെറുപ്പക്കാരണത്രേ ബോംബെറിഞ്ഞു ജീപ്പു തകർത്തതും പിന്നാലെ വന്നിരുന്ന ട്രക്കിലെ പട്ടാളക്കാരെ കൈബോംബെറിഞ്ഞു വെടിവെച്ചു കൊന്നതും. രണ്ടു പട്ടാളക്കാർ മാരകമായ മുറിവുകളോടെ രക്ഷപ്പെട്ടു.

'വിടുതലൈപ്പുലികൾ' എന്ന പേരിൽ അറിയപ്പെടുന്ന ശ്രീലങ്കാ തമിഴ് ഭീകരപ്രവർത്തകരുടെ സംഘമാണ് ഈ കൂട്ടക്കൊലയുടെ പിന്നിലുണ്ടായിരുന്നതെന്നു കരുതപ്പെട്ടു. ശ്രീലങ്കയിൽ കൊളംബ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഭരണത്തിൽനിന്ന് അവിടത്തെ തമിഴ് ഭാഷാപ്രദേശങ്ങൾ സ്വാതന്ത്ര്യം നേടണമെന്നും, 'തമിഴ് ഈഴം' എന്ന പേരിൽ ഒരു സ്വതന്ത്രരാഷ്ട്രം ശ്രീലങ്കയിൽ സ്ഥാപിക്കണമെന്നും വാദിക്കുന്നവരും, ഭീകരപ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യം നേടുന്നതിനായി പ്രയത്നിക്കുന്നവരുമായ ഒരു കൂട്ടം യുവാക്കളത്രേ 'വിടുതലൈപ്പുലികൾ'. ഇവർ ക്യൂബയിലും മറ്റും ചെന്ന് ആയുധപരിശീലനം നേടുകയും വിദേശങ്ങളിൽനിന്നു ധാരാളം ആയുധങ്ങൾ വാങ്ങി സംഭരിക്കുകയുംചെയ്തിട്ടുണ്ടെന്നു കരുതപ്പെടുന്നു. ഇവരിൽപ്പെട്ട മുപ്പത്തേഴുപേരെ പല കുററങ്ങൾ ചുമത്തി വിചാരണചെയ്ത് കൊളംബോനഗരത്തിലെ ജയിലിൽ അടച്ചിരുന്നു. വിടുതലൈപ്പുലികളുടെ നേതാവെന്നു കരുതപ്പെടുന്ന, ഇരുപത്തേഴു വയസ്സായ, തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടിരുന്ന, ശ്രീ കുട്ടിമണിയും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. വധശിക്ഷയ്ക്കെതിരെ കുട്ടിമണി അപ്പീൽ കൊടുത്തിരിക്കുകയായിരുന്നു; ജയിലിലിരിക്കേ കുട്ടിമണി 1977-ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ശ്രീലങ്കാപാർലമെൻറിലേക്കു തെരഞ്ഞെടുക്കപ്പെടുകയുംചെയ്തു. പക്ഷേ, പാർലമെൻറ് അംഗമെന്ന നിലയിൽ പ്രവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല.

ജൂലൈ 26-ാം തീയതി രാത്രി ജയിലിൽവച്ച് കുട്ടിമണി അടക്കം മുപ്പത്തേഴു വിടുതലൈപ്പുലികൾ പൈശാചികമായി വധിക്കപ്പെട്ടു. അതേ ജയിലിലെ സിംഹളഭാഷ സംസാരിക്കുന്ന തടവുകാരാണ് ഇവരെ കൊന്നതെന്നു പറയപ്പെടുന്നു. ജയിൽ അധികൃതർക്കു നോക്കിനിൽക്കാനേ കഴിഞ്ഞുള്ളുവത്രേ.

ഇതിനുശേഷം കുറെ ദിവസങ്ങളോളം ശ്രീലങ്കയിലെ എല്ലാ പ്രദേശങ്ങളിലും നിയന്ത്രണംവിട്ട പട്ടാളക്കാരുടെയും റൗഡികളുടെയും അഴിഞ്ഞാട്ടമായിരുന്നു. കൊളംബോ നഗരമദ്ധ്യത്തിൽ ഉള്ള ഇന്ത്യൻ ഓവർ